
Backspace
Little Kites Digital Magazine 2019
G.H.S.S.Attenganam

## ഗവ.ഹയർ സെക്കണ്ടറി സ്കൂൾ അട്ടേങ്ങാനം
## (12057)









Backspace

little KITEs

# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഇന്ന് ഹൈടെക് പദ്ധതിയിലൂടെയാണ് മുന്നോട്ട് പോകുന്നത്.പുസ്തകത്തിൽ എഴുതിയ അറിവുകൾ വായിച്ച് പഠിക്കുന്നതിനപ്പുറമെ സാങ്കേതിക വിദ്യയിലൂടെ കുട്ടികൾ മുന്നേറുന്നതിനുള്ള വിദ്യാഭ്യാസ പ്രക്രിയയാണ് ഹൈടെക് പദ്ധതി.സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു പുതുതലമുറയെ രൂപപ്പെടുത്തിയെടുക്കാനും ഇവ ഫലപ്രദമായി ഉപയോഗിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു.

പുതുതലമുറയെ ഗുണപരമായും സർഗാത്മകമായും സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിനായി ഒരുക്കിയെടുക്കുന്ന ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി.കൂട്ടായ്മ ഹൈടെക് പദ്ധതിയുടെ മറ്റൊരു ഇതളാണ്. ആകർഷകമായ പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ഇതിലൂടെ കുട്ടികൾക്ക് ലഭിക്കുന്നത്.സാങ്കേതിക വിദ്യയിൽ ഓരോ കുട്ടിക്കും ഐച്ഛികമായ മേഖലയിൽ ആഭിമുഖ്യം ജനിപ്പിക്കുന്നതിന് ഈ കൂട്ടായ്മ സഹായിക്കുന്നു.കൂടാതെ സൈബർ ലോകത്തെ കൂട്ടുകാരായ ഇന്നത്തെ തലമുറയ്ക്ക് ഈ മേഖലയിലെ ചതിക്കുഴികൾ തിരിച്ചറിയുന്നതിനും അതിൽ നിന്നുമാറി ശരിയായ തിരച്ചിലുകൾ നടത്തുന്നതിനും പ്രാപ്തരാക്കുക എന്നത് അനിവാര്യമാണ്.കമ്പ്യൂട്ടർ കീബോർഡിലെ **'Backspace'**പോലെ സ്വയം തെറ്റുകൾ തിരുത്തുകയും ശരിയായ ദിശയിൽ മുന്നേറുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ നടത്തുന്നത്.അതിനുവേണ്ടിയുള്ള ആദ്യ ചുവടുവെപ്പാണ് ഡിജിറ്റൽ മാഗസിനായ **“ <----------Backspace ”**.

## ആശംസകൾ

“ <-----------------**Backspace** ” ന് എല്ലാവിധ ആശംസകളും നേരുന്നു.



**പ്രിൻസിപ്പാൾ**

**കെ.ആർ.ഗോപാലകൃഷ്ണൻ**

**ആശംസകൾ**

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ **“ <-----------------Backspace ”** ന് എല്ലാവിധ ആശംസകളും നേരുന്നു.



**ഹെഡ്മാസ്റ്റർ**
**വി.വി.ഭാസ്കരൻ**

## ആശംസകൾ

**“ <-----------------Backspace ”** ന് ആശംസകൾ



**പി.ടി.എ.പ്രസിഡന്റ്**

**സി.ചന്ദ്രൻ**

# സ്റ്റോൾ ചെയ്യുമ്പോൾ.........


| | | |
|---|---|---|
| 1. | അട്ടേങ്ങാനത്തിന്റെ ഊടുവഴികൾ ----------------നന്ദന.സി.എ | 8 |
| 2. | വേരുകൾ--------------------------------------------നീന മരിയ | 10 |
| 3. | തടവ്-----------------------------------------------നീന മരിയ | 10 |
| 4. | ചിത്രം-----------------------------------------വിഷ്ണു പ്രസാദ്.കെ | 11 |
| 5. | രണ്ടിടങ്ങഴി ഒരാസ്വാദനം------------------------സിദ്ധാർഥ്.കെ | 12 |
| 6. | ചിത്രം----------------------------------------------അഭിനന്ദ്.എം | 15 |
| 7. | തണൽ തേടുന്ന വാർദ്ധക്യം---------------കൃഷ്ണപ്രിയ വേണു.എം | 16 |
| 8. | ചിത്രം---------------------------------------സീതാലക്ഷ്മി സുരേഷ് | 17 |
| 9. | ചിത്രം---------------------------------------------വിഷ്ണു വിജയൻ | 18 |
| 10. | പ്രസംഗം-------------------------------------------വിജയശ്രീ.എം | 19 |
| 11. | നൊമ്പരം--------------------------------------------അഞ്ജിത.എം | 20 |
| 12. | ചിത്രം-----------------------------------------------അനൂപ്.എൻ | 22 |
| 13. | സുന്ദരികളും സുന്ദരന്മാരും ഒരാസ്വാദനം-----------കീർത്തന.കെ | 23 |
| 14. | പ്രളയം------------------------------------------------നീന മരിയ | 25 |
| 15. | പോയ നാളുകൾ ഇനി മടങ്ങി വരുമോ-----------ജസ്റ്റ അഗസ്റ്റിൻ | 26 |
| 16. | ചിത്രം---------------------------------------------വിഷ്ണു വിജയൻ | 28 |
| 17. | അച്ഛന്റെ സന്തോഷം--------------------------------മഞ്ജുഅരവിന്ദ് | 29 |
| 18. | ചിത്രം-----------------------------------------വിഷ്ണു പ്രസാദ്.കെ | 31 |
| 19. | ഉറയുന്ന കോലങ്ങൾ-------------------------സുപ്രിയ സുകുമാരൻ | 32 |
| 20. | പഴഞ്ചൊൽ മധുരം-------------------------------------അനൂപ്.എൻ | 34 |
| 21. | അരുവി---------------------------------------ധനുഷ് വിജയൻ.കെ | 35 |
| 22. | ചിത്രം ----------------------------------------------------അശ്വിൻ | 36 |

നന്ദന.സി.എ, 10 B

# അട്ടേങ്ങാനത്തിന്റെ ഊടുവഴികൾ



കാസറഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിലെ ഒരു മലയോര ഗ്രാമമാണ് അട്ടേങ്ങാനം.കോടോം ബേളൂർ പഞ്ചായത്തിന്റെ സമ്പന്നമായ ചരിത്രപൈതൃകത്തിനുടമയാണ് ഈ ഗ്രാമം.ചെറുതും വലുതുമായ നിരവധി തോടുകൾ ഈ ഗ്രാമത്തിലൂടെ ഒഴുകുന്നു. പൗരാണിക ക്ഷേത്രങ്ങളും പള്ളങ്ങളും ചരിത്രസ്മാരങ്ങളും ഈ ഗ്രാമത്തിന്റെ ഭാഗധേയം നിർമ്മിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.

ആദിമകാലത്തിന്റെ ചരിത്രം വിളിച്ചോതുന്ന മുനിയറകളും ചുമടുതാങ്ങിയുമെല്ലാം ഇന്നും അതുപോലെ തന്നെ നിലനിൽക്കുന്നു.കായലടുക്കത്തെ മുനിയറയുടെയും കാലിച്ചാനടുക്കം, കോടോം തുടങ്ങിയ സ്ഥലങ്ങളിൽ മഹാശിലാ സംസ്കൃതിയുടെയും തെളിവുകളുണ്ട്.കന്നുകാലി മേയ്ക്കലും കാർഷികവൃത്തിയും ഉപജീവനമാർഗമായി സ്വീകരിച്ചതിന് പല സ്ഥലനാമങ്ങളും സാക്ഷ്യം വഹിക്കുന്നു. ഇത് നമ്മുടെ നാട്ടിലെ ആദ്യകാല മനുഷ്യവാസത്തെ സൂചിപ്പിക്കുന്നു.തെങ്ങ് കൃഷി വ്യാപകമായതോടെ തീയ്യർ ഈ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിലേക്കെത്തി. അള്ളട സ്വരൂപത്തിന്റെ (നീലേശ്വരം രാജവംശം)സ്ഥാപനത്തോടെ നായന്മാർ ഈ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വരുകയും അവിടെ പ്രബലരാവുകയും ജന്മികളായി മാറുകയും ചെയ്തു. ചെറുകിട കച്ചവടക്കാരായി ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിലെ മുസ്ലീങ്ങൾ അവിടെ സ്ഥിരവാസമുറപ്പിച്ചു.1940 കളോടെ തിരുവിതാംകൂറിൽ നിന്നുള്ള ക്രിസ്ത്യൻ കുടിയേറ്റം നമ്മുടെ ഗ്രാമത്തിലുമെത്തി.

## നാടിന്റെ വിഭവസമ്പത്ത്

മലകളും കുന്നുകളും പാറപ്രദേശങ്ങളും നിറഞ്ഞ ഭൂപ്രകൃതിയാണ് ഈ ഗ്രാമത്തിന്റേത്.കണ്ടടുക്കം മല,കോടോം,നെരോത്ത് മുതലായ കുന്നിൻ പ്രദേശങ്ങളും പൊടവടുക്കം,തട്ടുമ്മൽ,ക്ലായി തുടങ്ങിയ നിരവധി ചെങ്കൽപ്പാറപ്രദേശങ്ങളും ഈ ഗ്രാമത്തിലുണ്ട്.വിസ്തൃതമായ നിരവധി വയലുകൾ ഈ ഗ്രാമത്തിലുണ്ട്.ഏളാടി,വെള്ളച്ചാൽ,കുന്നംവയൽ,താഴെ

ചെന്തളം,മീതെചെന്തളം,ബേളൂർ,കണ്ടടുക്കം,കുഞ്ഞികൊച്ചി തുടങ്ങിയവയാണ് ഈ ഗ്രാമത്തിലെ പ്രധാന വയലുകൾ.ചെങ്കൽ,കരിങ്കൽ എന്നിവ നിറഞ്ഞ മണ്ണാണ് ഇവിടെ കണ്ടുവരുന്നത്.

## നാടിനെ നടുക്കിയ സമരങ്ങൾ

ജന്മിത്വത്തിനെതിരെ കോടോം ബേളൂർ ഗ്രാമത്തിൽ നടന്ന സമരങ്ങളാണ് ബേളൂർ വിളകൊയ്ത്ത് സമരം,അയ്യങ്കാവ് തീവെപ്പ് കേസ് തുടങ്ങിയവ.കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കർഷകസംഘങ്ങളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും നന്നായി പ്രയത്നിച്ചു.വർഷങ്ങളായി കൃഷിചെയ്തിരുന്ന വയൽ നഷ്ടപ്പെട്ടതിനെതിരെ നടന്ന സമരമാണ് ബേളൂർ വിളകൊയ്ത്ത് സമരം.ഒണക്കൻ കണ്ണൻ എന്ന വ്യക്തിയുടെ വയൽ ബേളൂർ പ്രദേശത്തെ ജന്മി പിടിച്ചടക്കി.ഇതിനെതിരെ ശക്തമായ സമരങ്ങൾ നടന്നു.അവസാനം ഭൂമി തിരിച്ച് ലഭിക്കുകയും ചെയ്തു.

അയ്യങ്കാവിൽ കുരുമുളക് കൃഷി ചെയ്താൽ അതിൽ 10 ൽ 2 ഭാഗം ജന്മിക്ക് നൽകണം.ഇതിനെതിരെ ശക്തമായ പ്രതിഷേധങ്ങൾ ഉയർന്നുവരുകയും തുടർന്ന് ജന്മിയുടെ പത്തായപ്പുരയ്ക്ക് തീവെയ്ക്കുകയും ചെയ്തു.ഇതോടെ നിരവധി പേർ അറസ്റ്റിലായി.കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും കർഷകസംഘവും നിരന്തരം പ്രയത്നിച്ചതുമൂലം പത്തിൽ രണ്ട് സമരം അവസാനിക്കുകയും ചെയ്തു.

## ആധുനികതയിലേക്ക്......

ഗവ.ഹോമിയോ ആശുപത്രി നമ്മുടെ നാടിന്റെ അഭിമാനമാണ്.ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ആളുകൾ ഇവിടെ ചികിൽസയ്ക്കെത്തുന്നു.നിരവധി എൽ.പി,യുപി,ഹൈസ്കൂൾ,ഹയർ സെക്കണ്ടറി സ്കൂളുകൾ ഈ ഗ്രാമത്തിലുണ്ട്.

പുരാതനകാലം മുതൽതന്നെ ഉണ്ടായിരുന്ന ബേളൂർ ശിവക്ഷേത്രം ഇന്ന് പുരോഗതിയിലെത്തിയിരിക്കുകയാണ്.മഹാശിലാസംസ്കൃതിയുടെ തെളിവുകളായ മുനിയറയും കുടക്കല്ലുമെല്ലാം ഇന്നും നിലനിൽക്കുന്നു.ചരിത്രപൈതൃകം വിളിച്ചോതുന്ന ഗ്രാമമായി നമ്മുടെ ഗ്രാമം മാറിയിരിക്കുകയാണ്.

* * *



Backspace

**കവിത** **നീനു മരിയ 10 A**



# വേരുകൾ

മുറിച്ചു മാറ്റിയ
മരത്തിന്റെ വേരുകൾ
പിന്നെ
മണ്ണിലിറങ്ങി
ഒന്നും തിരഞ്ഞില്ല
ഇനി ആർക്കു വേണ്ടിയെന്ന
ഖേദവും നൊമ്പരവും
അതിനെ നാൾക്കുനാൾ
തളർത്തിക്കളഞ്ഞു .

വര : അഭിനന്ദ്.കെ , 10 B





**കഥ**

# തടവ്

ജയിൽ വാസം കഴിഞ്ഞ് തിരിച്ചെത്തിയ അയാൾ ആദ്യം ചെയ്തത് സ്വന്തം ഭാര്യയെയും മക്കളെയും കാണുകയല്ല മറിച്ച് സ്വന്തം പട്ടിയെ കൂട്ടിൽ നിന്നും തുറന്നു വിടുകയാണ്.

* * *







**ചിത്രം**

**വിഷ്ണു പ്രസാദ്.കെ 10 A**





**ആസ്വാദനക്കുറിപ്പ്** **സിദ്ധാർഥ്.കെ 10B**



# രണ്ടിടങ്ങഴി

[തകഴിശിവശങ്കരപ്പിള്ള]

വര : അഭിനന്ദ്.കെ , 10 B



രാപ്പകൽ ഭേദമില്ലാതെ കഠിനാധ്വാനം ചെയ്ത് പാടങ്ങളിൽ സ്വർണ്ണം വിളയിക്കുന്ന ഒരു കൂട്ടം കർഷകരുടെ ജീവിതങ്ങൾ വായിക്കുകയാണ് തകഴിയുടെ 'രണ്ടിടങ്ങഴി'.അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ജീവിതത്തിലേക്ക സാഹിത്യത്തിന്റെ പ്രമേയം ഇറങ്ങിച്ചെന്ന കാലത്തിന്റെ സൃഷ്ടിയാണ് ഈ പുസ്തകം. തന്നെ താനാക്കി മാറ്റിയ കുട്ടനാടൻ കാർഷികമേഖലയാണ് തകഴിയുടെ രചനകൾക്കെല്ലാം പശ്ചാത്തലം.തന്റെ ചുറ്റും കണ്ട ജീവിതത്തെ യഥാർത്ഥമായി ചിത്രീകരിക്കുന്നതാണ് സാഹിത്യധർമ്മമെന്ന ദർശനത്തിന്റെ ബോധ്യമാണ് ഈ

കഥയിലുടനീളം നിറഞ്ഞുനിൽക്കുന്നത്. കേരളത്തിന്റെ പൈതൃകം വിളിച്ചോതുന്ന ഈ നോവൽ മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നു.അടിമത്തത്തിന്റെ ഭീകരതയും അതിനെതിരെ നടത്തിയ ചെറുത്തുനിൽപ്പുകളും സ്മരിപ്പിക്കുന്ന പൂർവ്വകാല കേരളീയ ചരിത്രങ്ങൾ ഇതിന്റെ പശ്ചാത്തലമാകുന്നു.കോരന്റെയും ചിരുതയുടെയും ജീവിതത്തിലൂടെയുള്ള ഈ യാത്ര തികച്ചും മാഞ്ഞുപോകുന്ന കേരളസംസ്കാരത്തിന്റെ പകർപ്പാണ്.

സംഘർഷഭരിതമായ പരിതസ്ഥിതിയിൽ ചിരുതയെ സ്വന്തമാക്കുന്ന കോരൻ ജീവിതത്തിൽ യഥേഷ്ടം സമ്പാദ്യമായിക്കിട്ടിയ കഷ്ടപ്പാടുകൾ ചിരുതയുമായി പങ്കുവച്ചു.എങ്കിലും പരസ്പര സ്നേഹത്താൽ അവർ പട്ടിണിയെയും ദാരിദ്ര്യത്തെയും അതിജീവിച്ചു.പണവും പ്രശസ്തിയുമല്ല മറിച്ച് സ്നേഹബന്ധങ്ങളുടെ ഇഴയടുപ്പമാണ് ജീവിതത്തെ സമ്പൂർണമാക്കുന്നത് എന്ന സന്ദേശം ഇതിലൂടെ വെളിപ്പെടുന്നു.ജന്മിമാരുടെ ക്രൂരതകൾക്ക് പാത്രരായി അവശരും മർദ്ദിതരുമായി പകലന്തിയോളം പാടങ്ങളിൽ പണിയെടുത്ത് ഒഴിവയറോടെ ദിവസങ്ങൾ കഴിഞ്ഞുകൂട്ടുന്ന കർഷകർ തൊഴിലിനോടുള്ള ആത്മാർഥതയിലായിരുന്നു നിർവൃതി കണ്ടെത്തിയിരുന്നത്.എന്നിട്ടുപോലും കർഷകർക്ക് ന്യായമായ കൂലി ലഭിച്ചിരുന്നില്ല.അതിനെതിരെ ശബ്ദമുയർത്താൻ സംഘബോധമോ ധൈര്യമോ ഇല്ലായിരുന്നു.പുലയർ,പറയർ,ഈഴവൻ തുടങ്ങി കൃഷിയുമായി ബന്ധപ്പെട്ട ജാതികൾക്കാണ് അടിമത്തത്തിന്റെ നുകം പേറേണ്ടിവന്നത്.മേലാളന്മാരുടെ ഉപദ്രവം സഹിക്കവയ്യാതായപ്പോൾ അവിടവിടെയായി കൂട്ടിവച്ച പ്രതിഷേധക്കനലുകൾ കത്തിജ്ജ്വലിക്കുകയും ഒടുവിൽ കൊലപാതകത്തിലേക്കും ജയിൽ വാസത്തിലേക്കും അത് കോരനെ നയിക്കുകയും ചെയ്യുന്നു.ഈ കാലഘട്ടത്തിലായിരുന്നു സ്റ്റേറ്റ് കോൺഗ്രസും കമ്മ്യൂണിസ്റ്റ് പാർട്ടിയും കേരളത്തിൽ അലയടിക്കുന്നത്.രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനം സജീവമായതോടെയാണ് തൊഴിൽപരമായ ചൂഷണത്തിൽ നിന്നും പരമ്പരാഗത കർഷകർക്ക് മോചനം കൈവന്നത്.വലിയൊരു വിപ്ലവത്തിനു സാക്ഷിയായതിന്റെ അനുഭവപാഠങ്ങളാണ് ഈ നോവൽ പറഞ്ഞു തരുന്നത്.വിശ്രമമില്ലാതെ ജോലിചെയ്ത് അനേകം പേരുടെ വിശപ്പകറ്റുന്ന കുട്ടനാട്ടിലെ കർഷകത്തൊഴിലാളികൾ വർഗബോധത്തോടെ ഉയർത്തെഴുന്നേറ്റ് ചൂഷണത്തെ പരാജയപ്പെടുത്തുന്ന വീരോജ്ജ്വലവും വികാരനിർഭരവുമായ ആവിഷ്കാരമാണ് 'രണ്ടിടങ്ങഴി'.



Backspace

ഈ നോവലിന്റെ പ്രധാന സവിശേഷത ഇതിലെ ചില ഭാഷാപ്രയോഗമാണ്.ഭാഷാപ്രയോഗത്തിലും ആഖ്യാന രീതിയിലും കുട്ടനാടൻ പ്രകൃതിയുടെ സജീവസാന്നിധ്യം തകഴിക്ക് ഒഴിവാക്കാനായില്ല.കുട്ടനാടൻ കർഷകരുടെ തനതായ ഭാഷാരീതിയാണ് തകഴി ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.അതുതന്നെയാണ് ഈ നോവലിനെ ജീവൻ തുടിക്കുന്നതാക്കി മാറ്റുന്നതും.ഒറ്റപ്പെട്ട മനുഷ്യന്റെ ജീവിതാഖ്യാനങ്ങളെക്കാൾ തന്റെ ദേശത്തിന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ ആകുലതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയൊരു നവോത്ഥാനത്തിന്റെ വെളിച്ചത്തിലേക്ക് വിരൽ ചൂണ്ടുകയാണ് തകഴി. ജന്മദേശമായ കുട്ടനാട്ടിൽ നിലനിന്നിരുന്ന ജാതി വിവേചനവും ചൂഷണവുംപോലുള്ള വർത്തമാന പ്രതിസന്ധികളെയും സമാനതകളില്ലാത്ത ദുരിത ജീവിതങ്ങളെയും തുറന്നുകാട്ടി അവയെ തന്റെ സാഹിത്യരചനകളിൽ സന്നിവേശിപ്പിച്ചുകൊണ്ട് ശക്തമായി പ്രതികരിക്കുകയാണ് തകഴി ശിവശങ്കരപ്പിള്ള.ഇതിലെ ഭാഷാശൈലികൾ ഹൃദയത്തിൽ പതിയുന്നതിനോടൊപ്പം കഥയെ കൂടുതൽ ആസ്വാദ്യമാക്കുന്നു.സംഭാഷണങ്ങൾക്ക് പ്രാധാന്യമുണ്ടെങ്കിലും ഈ നോവൽ ഒരുപാട് മനസ്സുകളുടെ കഥയാണ് തുറന്നുകാട്ടുന്നത്.അതുകൊണ്ടുതന്നെയായിരിക്കാം വർഷങ്ങൾക്ക് ശേഷവും ഈ നോവൽ ജനമനസ്സുകൾ കീഴടക്കി മുന്നേറുന്നത്.മൂന്ന് ഭാഗങ്ങളും ഇരുപത്തിയാറ് അധ്യായങ്ങളുമാക്കി തിരിച്ചിരിക്കുന്ന ഈ നോവൽ കഥാപാത്രങ്ങളുടെ മാനസിക വൈകാരികതലങ്ങളും അന്നത്തെ സാമൂഹികാവസ്ഥയും ജീവിതമുഹൂർത്തങ്ങളും വളരെ വ്യക്തതയോടെ ആവിഷ്കരിക്കുന്നതിനാൽ ആസ്വാദകരുടെ മനം കവരുമെന്നതിൽ സംശയമില്ല.

ഒരു ജീവിതം അനുഭവിച്ചുതീർന്ന അനുഭൂതിയാണ് ഈ വായന സമ്മാനിക്കുന്നത്.തകഴിയുടെ ലോകസാഹിത്യപരിചയവും കാലത്തിനു മായ്ക്കുകളയാനാവാത്ത സർഗാത്മക അടയാളങ്ങളും അനുഭവപാഠങ്ങളും രണ്ടിടങ്ങഴിയിൽ പ്രകടമാകുന്നു.ചൂഷണങ്ങളിൽ നിന്നും അടിച്ചമർത്തലുകളിൽ നിന്നും എന്നും നമുക്ക് മാറ്റമുണ്ടാകട്ടെ എന്നുള്ള പ്രതീക്ഷകളും മനുഷ്യന്റെ അവകാശങ്ങളും കടമകളും സ്മരിപ്പിക്കുന്നതുമായ മികച്ച ഒരു സാഹിത്യസൃഷ്ടിതന്നെയാണിത്.

* * *



Backspace

**ചിത്രം**

**അഭിനന്ദ്. എം 9 A**





കൃഷ്ണപ്രിയ വേണു.എം 9A



# തണൽ തേടുന്ന വാർദ്ധക്യം

നമ്മൾ മക്കൾ എത്ര ഭാഗ്യവാന്മാരാണ്.എത്ര നല്ല അച്ഛനെയും അമ്മയെയുമാണ് ദൈവം നമുക്കായി നൽകിയത് ! എന്നാലും എത്രപേർ അവരെ നന്നായി നോക്കുന്നുണ്ട്?ആത്മാർഥമായി സ്നേഹിക്കുന്നുണ്ട്?സത്യത്തിൽ അവരെ നാം നമ്മളിൽ നിന്ന് അകറ്റാൻ ശ്രമിക്കുകയല്ലേ?കാലം കഴിയുന്തോറും മക്കളിൽ നിന്നും അകന്നകന്ന
പോവുകയാണ്മാതാപിതാക്കൾ.അതിലുപരിയായിവൃദ്ധസദനങ്ങളുടെ എണ്ണവും വർധിക്കുന്നു.പണത്തിനും സ്വത്തിനും പിറകിൽ പോവുമ്പോൾ നൊന്തുപെറ്റ അമ്മയും ഏതു സാഹചര്യത്തിലും ഒരു വലിയ വൃക്ഷത്തെപ്പോലെ തണൽ നൽകുന്ന അച്ഛനെയും നമ്മൾക്ക് അധികപ്പെറ്റാകുന്നു.അപ്പോൾ നാം ഓർക്കേണ്ട ഒന്നുണ്ട്,എത്ര ത്യാഗം സഹിച്ചാണ് അവർ നമ്മളെ വളർത്തി വലുതാക്കിയത്,എന്നിട്ടും അവരെ എല്ലാവരിൽ നിന്നും അകറ്റുമ്പോൾ പറഞ്ഞറിയിക്കാൻ കഴിയാത്തത്രയും സങ്കടമുണ്ടാകും.നാം വലുതായി നമ്മൾക്ക് മക്കളുണ്ടായി അവർ നമ്മളെ ഒറ്റപ്പെടുത്തുമ്പോഴേ അതിന്റെ വിലയറിയൂ.അതുകൊണ്ടുതന്നെ അവരെ നമ്മൾ നഷ്ടപ്പെടുത്താതിരിക്കുക.

മാതാപിതാക്കളിൽനിന്ന് കിട്ടുന്നതിൽക്കൂടുതൽ സ്നേഹം നമുക്ക് മറ്റാരിൽനിന്നും കിട്ടില്ല.അതുപോലെ നമ്മൾ കൊടുക്കുന്ന സ്നേഹത്തിനായി അവർ കാത്തിരിക്കുന്നു.അതുപോലെ നമ്മളൊരു തെറ്റു ചെയ്താൽ അതുതിരുത്തി നേർവഴിയിലെത്തിക്കാൻ സ്വന്തം മാതാപിതാക്കൾ
മാത്രമേയുണ്ടാവുകയുള്ളൂ.അതുകൊണ്ട് ഏതൊരു സാഹചര്യത്തിലും അവരെ കൈവിടാതെ ചേർത്തുപിടിക്കാനും നമുക്ക് സാധിക്കണം.കളങ്കമില്ലാത്ത സ്നേഹം അവർ നമ്മൾക്ക് തരുന്നതുപോലെ കളങ്കമില്ലാത്ത സ്നേഹം നമ്മളും നൽകണം.

* * *

**ചിത്രം**

**സീതാലക്ഷ്മി സുരേഷ്  8 B**





**ചിത്രം**

**വിഷ്ണുവിജയൻ 10B**





**പ്രസംഗം** **വിജയശ്രീ എം 9 A**



മാന്യസദസ്സിനു വന്ദനം

നാം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളിയാണ് ലഹരിയുടെ ഉപയോഗം.ഏതു മേഖലയിലും ഇന്ന് ലഹരിയുടെ ഉപയോഗം വർധിച്ചുകൊണ്ടിരിക്കുന്നു.

വളർന്നു വലുതാകുന്ന കുട്ടികൾപോലും ഇത്തരം വഴിതെറ്റിയ മാർഗ്ഗങ്ങളിലൂടെ സഞ്ചരിക്കുകയാണ്.വർഷം കൂടുന്തോറും ലഹരിയുടെ ഉപയോഗംകൂടിവരുകയാണ് എന്ന് എക്സൈസ് വകുപ്പുകാരോട് ചോദിച്ചാൽ നമുക്ക്മനസ്സിലാക്കാൻ കഴിയും.വിദ്യാർത്ഥികളെയും വിദേശതൊഴിലാളികളെയും കേന്ദ്രീകരാച്ചാണ് ലഹരി വസ്തുക്കളുടെ ഉത്പാദനം വർധിക്കുന്നത്.സ്കൂൾ കുട്ടികളാണ് മുഖ്യമായും ഇതുപയോഗിക്കുന്നത്.സ്വന്തം വിഷമങ്ങൾക്കിടയിലും,മറ്റു നിമിഷങ്ങളിലും ആശ്വാസം നേടുവാൻ എന്ന ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടിയാണ് പലരും ഇത്തരം വസ്തുക്കൾ ഉപയോഗിക്കുന്നത്.എന്നാൽ അവയുണ്ടാക്കുന്ന ദോഷഫലങ്ങളെക്കുറിച്ച് ആരും മനസ്സിലാക്കുന്നില്ല.
മനസ്സിനു സന്തോഷം നൽകുന്ന ഇത്തരം വസ്തുക്കൾ ശരീരമാസകലം നശിപ്പിക്കുന്നുവെന്ന് നാം അറിയുന്നില്ല.

ലഹരികളുടെ ഉപയോഗം ഏറ്റവും കൂടുതൽ ബാധിക്കുന്നത്കുടുംബങ്ങളെയാണ്. കുടുംബങ്ങൾക്കിടയിൽ കലഹങ്ങൾ സൃഷ്ടിക്കുന്നതിന് ഇത് കാരണമാകുന്നു.വിദ്യാർത്ഥികൾ തന്റെ അച്ഛനമ്മമാരെ കൊല്ലാൻ തത്പരരാകുന്നു.അതുപോലെ അക്രമണങ്ങളിൽ നിന്ന് മറികടക്കേണ്ടത് നമ്മുടെ മറ്റൊരു ലക്ഷ്യമാണ്.

ലഹരിവിമുക്ത പരിപാടികളിൽ പങ്കെടുക്കുകയും ലഹരിയുടെ ദോഷഫലങ്ങളെകുറിച്ച് ഉപയോക്താക്കളോടു പറയുകയും വിൽപ്പനക്കാർക്കു തക്കതായ ശിക്ഷകൾ നൽകുകയും ചെയ്താൽ ഏറെക്കുറെ നമുക്ക് ലഹരി ഉപയോഗം കുറയ്ക്കാം.ഇത്രയും പറഞ്ഞ് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു. നന്ദി , നമസ്കാരം.

* * *

കവിത

അഞ്ജിത എം 8 A



# നൊമ്പരം

മാധുര്യത്തിൻ മധുരം തുളുമ്പുന്ന
കളിക്കൂട്ടുക്കാരിയാം എൻ പ്രിയ തോഴീ.......
പനിനീർപൂവിലെ ഇതളുകൾ പോലെൻ
ചാരത്തുനിന്നും മറയാത്ത തോഴീ.....
ദൂരയാണെങ്കിലും എൻ ചുണ്ട് വിതുമ്പും നിനക്കായ്.....
സ്നേഹത്തിൻ ചെപ്പ് മൂടി തുറന്നെന്നെ
തേൻതുള്ളിയൂട്ടുന്ന എന്നും........
ഹൃദയത്തുടിപ്പിൻ താളങ്ങളിലെന്നും
ഒഴുകിപ്പരക്കുന്ന നിന്റെ സ്നേഹം.....
മാറിലെ മറുകായും പൂവിലെ പൂമ്പാറ്റയായും.....
പിരിയുന്നില്ല തോഴീ ഇന്നെൻ ചാരത്തുനിന്നും.....
ആ പൊതിയില ചോറിന്റെ ഗന്ധം
വിട്ടുപോകുന്നില്ല തോഴീ ഇന്നെൻ ചാരത്തുനിന്നും.....

ചിതലരിക്കുന്നുവോ പുസ്തകത്താളുകൾ
എന്നാൽ ചിതലരിക്കാത്തൊരു ഓർമ്മകളും....
നൊമ്പരമരത്തിന്റെ ചില്ലകളിലെന്നും
പൂത്തുനിൽക്കുന്ന നിന്റെ പൂക്കൾ...
മരതകക്കാറ്റായി നീ വരുമ്പോൾ
വൈഢൂര്യ ശോഭയാണെൻ മനത്തിൽ
ഓരോ നൊമ്പരത്തുള്ളിയിലും നീയലിയുമ്പോൾ
എൻ മനം നിറഞ്ഞൊഴുകുന്ന തോഴീ.....
ഓരോ പുഷ്പത്തിലും....
ഓരോ പുൽമേട്ടിലും....

ഓരോ പുഴക്കളിലുമുണ്ട്.....
നിന്റെ സൗഹൃദസ്നേഹം
എന്നെ ഉണർത്തുന്ന ചിത്രശലഭമാം തോഴീ....
എന്നെ വിട്ടെങ്ങോട്ടോ പോയിടുന്നു
ഓരോ അരുണകരത്തിലും
എല്ലായിടവും പരക്കുന്നു
നിന്റെ സാന്ത്വനം
ഓരോ രത്നക്കല്ലിലുമുണ്ട്
നിൻ തേജസ് തുളുമ്പുന്ന സൗന്ദര്യകാന്തി....
അരുവിയായി ഒഴുകുന്ന നിന്റെ നൊമ്പരം....
കാതോർക്കാൻ ഞാൻ ഇവിടെയുണ്ട്......
നീ എവിടെയാണ് തോഴീ....
പിരിയുന്നില്ല നീ എൻ ചാരത്തുനിന്നും....
മാധുര്യത്തിൻ മധുരം തുളുമ്പുന്ന
കളിക്കൂട്ടുകാരിയാം എൻ തോഴീ.....
ചിതലരിക്കുന്നുവോ പുസ്തകത്താളുകൾ
എന്നാൽ ചിതലരിക്കാത്തൊരു ഓർമ്മകളും....
പിരിയുന്നില്ല തോഴീ.....
പിരിയുന്നില്ല തോഴീ...

* * *



Backspace

**ചിത്രം**

**അനൂപ് എൻ 8 A**





കീർത്തന കെ 8A



# സുന്ദരികളും സുന്ദരന്മാരും

മനുഷ്യവംശത്തിലെ എല്ലാ സുന്ദരികൾക്കും സുന്ദരന്മാർക്കുമായാണ് ഉറൂബ് "സുന്ദരികളും സുന്ദരന്മാരും"എന്ന നോവൽ സമർപ്പിച്ചിരിക്കുന്നത്.മലയാളഭാവന കൈവരിച്ച എക്കാലത്തെയും വലിയ വിജയങ്ങളിലൊന്നായി ഇതിനകം ഈ കൃതി വിലയിരുത്തപ്പെട്ടു കഴിഞ്ഞിട്ടുണ്ട്.നവോത്ഥാന മാനവികതയുടെ ഇത്രയേറെ പ്രകാശഭാസുരമായ ആവിഷ്കാരങ്ങൾ മലയാളത്തിലേറെയൊന്നുമില്ല.ജീവിതം!ജീവിതം!എന്ന് നിരന്തരം വിളിച്ചു പറഞ്ഞുകൊണ്ട് കഠിനകാലങ്ങളിലൂടെയും കഠിനലോകങ്ങളിലൂടെയും അടിയിടറാതെ കടന്നുപോകുന്ന മനുഷ്യമഹിമയുടെ കഥയാണ് സുന്ദരികളും സുന്ദരന്മാരും.മാനവികതാവാദത്തിന്റെ അഭിജ്ഞാനക്രമങ്ങളിൽ നിന്നും മുളപൊട്ടിക്കിളിർത്ത സംഭവ സൂചനകളിലൂടെ മനുഷ്യവംശത്തെക്കുറിച്ചുള്ള ഒരു യുഗസന്ധിയിലെ പ്രതീക്ഷകളത്രയും ഉറൂബ് ഈ നോവലിൽ എഴുതിച്ചേർത്തിട്ടുണ്ട്.'റോമൈൻറൊളാങ്ങിന്റെ ജീൻ ക്രിസ്റ്റഫ് 'എന്നപോലെ 'ദുരിതങ്ങൾക്കിടയ്ക്ക് ജീവിക്കുവാൻ കഴിയുന്നതൊരു ഭാഗ്യമാണ്.ജീവിച്ചു എന്ന് തോന്നും.'എന്ന് എല്ലാ യാതനകൾക്കു നടുവിലും ഉയർന്നു പൊങ്ങുന്ന മനുഷ്യാഭിമാനത്തിന്റെ കുനിയാത്ത ശിരസ്സുകൾ ഈ നോവലിലെമ്പാടും വന്നു നിറയുന്നു.ഒറ്റയൊറ്റയായ ആകുലതകൾക്കപ്പുറം മുഴങ്ങിക്കേൾക്കുന്ന ഏകജീവിതാനശ്വരഗാനങ്ങളിലേക്ക് കാതുകൂർപ്പിച്ചു നിന്ന ഒരു കാലയളവിന്റെ പ്രത്യാശകളത്രയും ഉറൂബ് ഇതിൽ എഴുതിച്ചേർത്തിരിക്കുന്നു.ചരിത്രത്താൽ നിർണയിക്കപ്പെടുകയില്ല.ചരിത്രമായി -നാനാവിധങ്ങളായ സാമൂഹ്യബലതന്ത്രങ്ങളുടെ അരങ്ങും പടനിലവുമായി വർത്തമാനത്തിൽ നിലകൊള്ളുകയാണ് എന്ന ധാരണയോടെ വ്യക്തികളെയും വ്യക്തിയനുഭവങ്ങളെയും നോക്കിക്കാണുവാൻ തയ്യാറാവുന്ന വായനാരീതികൾക്കേ ഈ നോവലിനെ പുതുതായി അഭിസംബോധന ചെയ്യാനാവൂ.ഒന്നാം ലോകമഹായുദ്ധം,മലബാർ കലാപം,ഖിലാഫത്ത്,ദേശീയ

പ്രക്ഷോഭം,കമ്മ്യൂണിസ്റ്റ് മുന്നേറ്റങ്ങൾ,ക്വിറ്റിന്ത്യാസമരം,രണ്ടാം ലോകമഹായുദ്ധം,ഹിരോഷിമ എന്നിങ്ങനെയുള്ള ചരിത്രാനുഭവങ്ങളെയും ദേശീയത,സ്വാതന്ത്ര്യം,സാമ്രാജ്യവിരോധം തുടങ്ങിയ ആശയരൂപീകരണങ്ങളെയും കൂട്ടിയിണക്കി മൂന്നു പതിറ്റാണ്ടിലധികം വരുന്ന കാലയളവിലെ മലബാറിലെ സാമൂഹ്യ ജീവിതത്തിന്റെ കഥ പറയുക മാത്രമല്ല 'സുന്ദരികളും സുന്ദരന്മാരും' എന്ന നോവൽ.അനിയതമായ ദൈനംദിന ജീവിതത്തിന്റെ കലക്കത്തിൽ നിന്നും യുക്തിയാലും സമരങ്ങളാലും കണ്ടെടുത്ത നേർവഴികളിലൂടെയാണ് വിശ്വത്തെയും രാധയെയും ഗോപാലകൃഷ്ണനെയും പോലുള്ളവർ സഞ്ചരിച്ചത്. മലയാള ജിവിതത്തിന്റെ ചരിത്രത്തിലെ നിർണ്ണായ സന്ധികളിലൊന്നിൽ നാം നടന്നു കയറുവാൻ ശ്രമിച്ചതും അതേ വഴികളിലൂടെയാണ്.

* * *



Backspace

**കവിത** **നീനു മരിയ 10A**



# പ്രളയം

കുത്തൊഴുക്കിൻ
നീർച്ചുഴിയിൽ
നിള തൻപ്രാണവേദന
തൻ പ്രിയന്റെ
സ്നേഹസമ്മാനമാം
വെള്ളിയരഞ്ഞാണം
തകർന്നുപോയി
തൻകുഞ്ഞരുവിതൻ
ഓളവും നിലച്ചുപോയി
തൻ പ്രിയനാം
ആഴിയും ദുഷിച്ചു പോയി
പ്രളയക്കെടുതിയുടെ  ഭീതിയിൽ
തകർത്തൊരെൻനെഞ്ചം
പിളർന്നുപോയ്..........
എന്നേക്കുമായ്...........

വര : അഭിനന്ദ്.കെ , 10 B




* * *

ലേഖനം

ജസ്സ അഗസ്റ്റിൻ 8A



# പോയ നാളുകൾ ഇനി മടങ്ങി വരുമോ....

പ്രകൃതി .എന്താണ് പ്രകൃതി . മനുഷ്യർക്ക് ഇഷ്ടമനുസരിച്ച് തട്ടിക്കളിക്കാനുള്ള പന്താണോ പ്രകൃതി .ഇത് മനുഷ്യൻ അവനവനോട് തന്നെ ചോദിക്കേണ്ട ചോദ്യമാണ് .പ്രകൃതിയെ മനുഷ്യൻ ചൂഷണം ചെയ്തതിന്റെ ഫലമായി ഉണ്ടായതാണ് പ്രളയം .

അതിന്റെ ആഘാതം ഇതുവരെയും തീർന്നിട്ടില്ല .മനുഷ്യന്റെ അതിക്രമങ്ങൾക്ക് ഒരു തിരിച്ചടി ആവും വണ്ണം പ്രകൃതി കൊടുത്തതാണ് പ്രളയം .പ്രകൃതിയെ മനുഷ്യർ കൊല്ലാകൊല ചെയ്യുകയാണ് .വനങ്ങളും കുന്നുകളും എല്ലാം വെട്ടിമുറിച്ചു കൊണ്ട് ഹരിത വർണാഭമായ പ്രകൃതിയെ നശിപ്പിച്ചു കളയുമ്പോൾ മനുഷ്യർ ഓർക്കണമായിരുന്നു ഇങ്ങനെ ഒരവസ്ഥ നമുക്കുണ്ടാകുമെന്ന് . പ്രകൃതിയെ നശിപ്പിച്ചതു കൊണ്ട് എന്ത് നേടി നമ്മൾ ?ആയിരം നാളുകൾ കൊണ്ട് കഷ്ടപ്പെട്ട് നിർമ്മിച്ച വീടുകൾ ,മറ്റ് ആഡംബരങ്ങൾ എല്ലാം ഒറ്റൊരു നിമിഷം കൊണ്ട് അവസാനിച്ചില്ലേ .ഒരു പ്രളയം ജീവൻ വരെ കൊണ്ട് പോയില്ലേ .

മനുഷ്യർ പ്രകൃതിയോട് ചെയ്യുന്ന അതിക്രമങ്ങൾ മൂലമല്ലെ ഇതൊക്കെ സംഭവിക്കുന്നത് . പ്രളയത്തിൽ അകപ്പെട്ട കൊച്ചു കുഞ്ഞുങ്ങളുടെ നിലവിളി ഇതുവരെയും കാതുകളിൽ നിന്ന് പിൻവാങ്ങിയിട്ടില്ല .ഒരു തെറ്റും ചെയ്യാത്ത കുഞ്ഞുങ്ങളുടെ മരണത്തിന് വരെ ഉത്തരവാദി നാമല്ലേ . നമ്മുടെ ആർത്തിയും അത്യാഗ്രഹവും കൊണ്ടാണ് ഇപ്പോൾ പാവപ്പെട്ടവർക്ക് ഒരു കിടപ്പാടം പോലും ഇല്ലാതായത് .അതിൽ നിന്ന് നാം പാഠങ്ങൾ മനസ്സിലാക്കേണ്ടതുണ്ട് .എത്ര കോടി രൂപയാണ് കേരളത്തിന് നഷ്ട്മായത് . ഇനി അതിന്റെ പുനർനിർമ്മാണം അതെത്ര ബുദ്ധിമുട്ടാണ് .മനുഷ്യർ ആർത്തുല്ലസിച്ച് നടക്കുമ്പോൾ പ്രകൃതിയുടെ വേദന മനസ്സിലാക്കിയില്ല കഴുകന്മാരുടെ കണ്ണുകളും ആർത്തിയുടെ പടച്ചട്ടയും ധരിച്ചാണ് ഇന്നത്തെ പുതിയ തലമുറ നടക്കുന്നത്. അവർക്ക് സ്നേഹം എന്തെന്ന്

അറിയില്ല .മനുഷ്യസ്നേഹത്തിനുപരി പണവും പത്രാസും ആണ് അവർക്ക് വലുത് . ഇനി അടുത്തത് ജലക്ഷാമം ആയിരിക്കും . പുഴകൾ എല്ലാം വരണ്ടുണങ്ങി . മനുഷ്യന്റെ പൂഴിവാരൽ ,നദികൾ നശിപ്പിക്കുന്നത് ,ഇതൊക്കെ മൂലം ജലക്ഷാമം നേരിടേണ്ടി വരും .പ്രകൃതി ഒരു തുള്ളി ജലം പോലും തരില്ല . അപ്പോൾ വെള്ളം കുടിക്കാതെ ചാവാം . പ്രകൃതിയെ കുറ്റം പറഞ്ഞിട്ട് ഒരു കാര്യവുമില്ല .

എല്ലാത്തിനും ഉത്തരവാദികൾ നാം മാത്രമാണ് . മനുഷ്യന്റെ എല്ലാ വിധ ആവശ്യങ്ങളും സാധ്യമാക്കി തരുന്ന പ്രകൃതിക്ക് തിരികെ നാം കൊടുക്കുന്നത് വേദനകൾ മാത്രം

ഇനിയും ഒരു പ്രളയംകൂടി വരാതെ നമുക്ക് നമ്മുടെ പ്രകൃതിയെ സംരക്ഷിക്കാം എല്ലാ കാലവും പ്രകൃതിക്കായി കൈകോർക്കാം....

* * *

**ചിത്രം** **വിഷ്ണുവിജയൻ 10B**





കഥ മഞ്ജു അരവിന്ദ് 10B



# അച്ഛന്റെ സന്തോഷം

അതിരാവിലെ എഴുന്നേറ്റ് വയലേലകളിൽ പണിയെടുക്കുമായിരുന്നു രാഘവൻ എന്ന കർഷകൻ. കുടുംബത്തിനു വേണ്ടി വളരെ കഷ്ടപ്പെടുന്ന മനുഷ്യനാണ്. എന്നാൽ അദ്ദേഹത്തിന്റെ മക്കൾക്ക് കൃഷി എന്നാൽ വെറുപ്പായിരുന്നു. മക്കൾക്ക് അധ്വാനമില്ലാതെ ഫലംലഭിക്കണമായിരുന്നു.

മക്കളുടെ ഈ ചിന്താഗതി മാറ്റിയെടുക്കണമെന്ന് അച്ഛന് തോന്നി. മക്കൾ

പണിയെടുക്കാതെ തെണ്ടി നടക്കുന്നത് കണ്ട ദൈവം മക്കൾക്ക് ശിക്ഷ നൽകി. ശിക്ഷ അച്ഛനായിരുന്നു. എന്നും പണയെടുക്കുന്ന അച്ഛന് വയ്യാതായി.അച്ഛന് സുഖമില്ലാതായതോടെ കുടുംബം ദാരിദ്ര്യത്തിലായി.

കുറ്റബോധം തോന്നിയ മക്കൾ എന്നും അതിരാവിലെ എഴുന്നേറ്റ് കൃഷിയിടത്തിലേക്ക് പോയി. പണിയെടുക്കാൻ അറിയാത്ത മക്കളും പണിയെടുക്കാൻ തുടങ്ങി. വേലയും കൂലിയും ഇല്ലാതെ

തെണ്ടി നടന്ന മക്കൾ ഇന്ന് അച്ഛന് സന്തോഷകരമായ കാര്യം ചെയ്തിരിക്കുകയാണ്.

അച്ഛൻ നട്ടുവളർത്തിയ പച്ചക്കറിയാണ് വീട്ടിൽ പാകത്തിന് ഉപയോഗിച്ചിരുന്നത്. മക്കളുടെ പച്ചക്കറികൾ പാകമായി വരുകയായിരുന്നു. അന്നേരമാണ് കാട്ടാനകളുടെ ശല്യം വ്യാപകമായി എന്ന വാർത്ത ലഭിച്ചത്.

ഈ വാർത്ത കേട്ട രാഘവന്റെ കുടുംബം വളരെ സങ്കടത്തിലായി.

തങ്ങളുടെ കൃഷിയിടവും നശിപ്പിക്കുമെന്ന ആശങ്കയി-

ലായി കുടുംബത്തിലെ ഓരോ അംഗവും. അവർ ആശങ്കപ്പെട്ടതുപോലെ

തന്നെ സംഭവിച്ചു. ഒരു ജോലിയുമില്ലാതെ തെണ്ടിനടന്ന മക്കൾ അച്ചൻ നട്ടുവളർത്തിയ പച്ചക്കറിക്ക് വില കൽപ്പിച്ചില്ല. സ്വന്തമായി നട്ടു വളർത്തിയാൽ മാത്രമേ അതിന് വില ഉണ്ടാവുകയുള്ളു. മക്കൾ

അച്ഛനെ കഷ്ടപ്പെടുത്തിയതിന് ഫലമായി ദൈവം ശിക്ഷിച്ചതാണിത്.

അച്ഛനെ സഹായിക്കാൻ വരെ മക്കൾ പോയില്ല.

പിന്നീട് രാഘവേട്ടന്റെ കുടുംബം വളരെ സന്തോഷകരമായി മു-

ന്നോട്ട് പോയി. രാഘവേട്ടനും മക്കളും എന്നും അതിരാവിലെ കൃഷിയി-
ടത്തിൽ പോയി പണിയെടുക്കുകയുണ്ടായി. മക്കളെക്കൊണ്ട്

ദു :ഖവാർത്ത ലഭിച്ച അച്ഛന് ഇന്ന് സന്തോഷവാർത്തയാണ് കേൾക്കാൻ കഴിഞ്ഞത്. എന്നാൽ ഈ ദിവസം, അച്ഛനെ പൊന്നു പോലെ നോക്കുന്ന

മക്കൾ എന്ന പേരു ലഭിച്ചു. ഇതു കേട്ട അച്ഛന് വളരെ സന്തോഷം തോന്നി. അപ്പോഴാണ് മക്കൾക്ക് അധ്വാനത്തിൻെ ഫലം മനസ്സിലായത്.


ഏതു ജോലിയിലും ആത്മാർഥത കാണിച്ചാൽ അതു നന്നാവുമെന്ന് മക്കൾക്ക് മനസ്സിലായി.

* * *

**ചിത്രം**

**വിഷ്ണു പ്രസാദ്.കെ 10 A**





കവിത

സുപ്രിയ സുകുമാരൻ 10A



# ഉറയുന്ന കോലങ്ങൾ

തഴുകി തലോടി കുതിച്ചുപോം ജലധാര
അറിയാതെ ഒന്നു കിതച്ചുപോയി
ആനന്ദ അശ്രുകണങ്ങൾ തൻ ധാരയോ!
എങ്ങോ മാഞ്ഞുപോയ്.........എങ്ങോ മാഞ്ഞുപോയ്
ജീവിതപാഠങ്ങൾ എന്തോ മൊഴിഞ്ഞുവോ
എൻ കർണങ്ങളെന്നെ ചതിച്ചതാണോ
എൻനേത്രങ്ങളെന്നെ കളിയാക്കിയോ..........
ചെണ്ട മദ്ദളാരവങ്ങൾ വാനിൽ ഉയർന്നുപൊങ്ങി
ക്രോധാദീപതനായി നേത്രങ്ങൾ പുറത്തുചാടി
കണ്ണീരായി  ചോരയായ് ഛലമായ് ചീന്തി
നീയൊരു മഹാപ്രളയമായ്
കാശിന്റെക്കൂടാരകെട്ടുകൾ
സ്വാർഥചിത്തം നീ വെടിഞ്ഞതാണോ
ചിന്നി ചിതറി തെറിച്ചപോം ബാല്യങ്ങൾ
അനാഥരായൊരാ വഴിക്കുകൾ
ജീവിത പാഥേയമെല്ലാം മറന്നോരാ പാന്ഥർ
പാഥേയമുണ്ണുവാൻ വെമ്പി നിന്നു
ഒരുമയുടെ നാളു പിറന്നു വീണ്ടു
ഒരുമയുടെ നാളു പിറന്നു വീണ്ടു
അലയടിച്ചെത്തുന്ന അലകൾ തൻ ആരവം
അലയുന്ന  ജീവന്റെ രോദനമായ്
അലിയുന്ന വായുപ്രവാഹത്തിലും
ആളുന്നു പ്രതികാര ചിത്തമായി
പ്രാണൻ വെടിഞ്ഞുപോയ് എത്രയോ ബാല്യങ്ങൾ
ശേഷിച്ച ബാല്യങ്ങൾ ശോഷിച്ചുപോയ്
കാലന്റെ ഗർത്തത്തിൽ താണുപോയ്
മന്ദഹാസങ്ങൾ മാഞ്ഞപോയ്

ജീവിതതാളുകൾ മെല്ലെ മറിയുന്നു
പുസ്തകതാളു മറിയുന്ന പോൽ
ജീവിതാധ്യായങ്ങൾ പൂർണമായ്
നൊമ്പരകടലിന്ന് ഏകയായി

* * *



Backspace

പുസ്തകാസ്വാദനം

**അനൂപ് .എൻ 8A**



# പഴഞ്ചൊൽ മധുരം

## സമാഹാരണം:മനഅരവിന്ദ്

അതിബൃഹത്തായ നമ്മുടെ പഴഞ്ചൊൽ ശേഖരത്തിൽ നിന്നും ഇളം തലമുറക്കൾക്കായി തിരഞ്ഞെടുത്ത് ചേർക്കുന്ന രണ്ടായിരത്തി അഞ്ഞൂറിലധികം പഴഞ്ചൊല്ലുകളുടെ സമാഹാരമാണ് മന അരവിന്ദന്റെ

പഴഞ്ചൊൽ മധുരം.പഴമൊഴിക്കടിസ്ഥാനം എന്നത് ഏത് കാലത്തും എവിടെയും

സ്വീകാര്യമായ സമാന്യതത്ത്വമാണ്.ഓരോ ഭാഷയുടെയും ശക്തിയും സൗന്ദര്യവും ദ്രഢതയും ആ ഭാഷയിൽ നിലകൊള്ളുന്ന പഴമൊഴികളെ ആടിസ്ഥാനമാക്കി

നിർണ്ണയിക്കാൻ കഴിയും. പൂർണ്ണമായ ആശയത്തെ അഭിവ്യഞ്ജിപ്പിക്കുന്ന തത്ത്വചിന്താപരമായ ആവിഷ്ക്കാരങ്ങളായി മലയാള ഭാഷയുടെ സംസ്കാരികപാരമ്പര്യം കാത്തുസൂക്ഷിക്കുന്ന ആയിരക്കണക്കിനു പഴഞ്ചൊല്ലുകൾ

നമുക്കുണ്ട്.

മന അരവിന്ദന്റെ പഴഞ്ചൊല്ലുകൾ എനിക്ക് കൂടുതൽ

ഇഷ്ട്ടപ്പെട്ടു.ഓരോഭാഷയുടെയും ശക്തിയും സൗന്ദര്യവും ദ്രഢതയും ആ ഭാഷയിൽ നിലകൊള്ളുന്ന പഴമൊഴികളെ അടിസ്ഥാനമാക്കി നിർണ്ണയിക്കാൻ

കഴിയും.തലമുറകളുടെ ജീവിതാനുഭവങ്ങളിൽ നിന്ന് അവരുടെ ചിന്തയെയും ഭാവിയെയും വീക്ഷണഗതിയെയും സ്വാധീനിച്ച് പിറവിയെടുത്ത

മൊഴിമുത്തുകളാണിവ .വശ്യതയാർന്ന ഈ വാങ്മയ ശകലങ്ങൾ വിവിധ രാജ്യങ്ങളെയും വിവിധ ഭാഷകളിലെയും വായ്മൊഴികളിലെ ഈടുവയ്പുകളായി

ഇന്ന്  മാറിക്കഴിഞ്ഞിരിക്കുന്നു. 'പഴഞ്ചൊൽ മധുരം'എല്ലാ

കൊച്ചു കൂട്ടുകാർക്കുമായി  സമർപ്പിച്ചിരിക്കുന്നു.

കൊച്ചു കുട്ടികൾക്ക് മാത്രമല്ല ഈ ലോകത്തിലെ എല്ലാവരും വായിച്ചാൽ

അവരുടെ സങ്കടങ്ങളും എല്ലാം മാറി കിട്ടും . എല്ലാ അക്ഷരങ്ങളെയും കുറിച്ച് നമ്മുടെ പഴഞ്ചൊൽ മധുരം

എന്നപുസ്തകത്തിൽസൂചിപ്പിക്കുന്നുണ്ട്.അതിബൃഹത്തായ നമ്മുടെ പഴഞ്ചൊൽ ശേഖരണത്തിൽ നിന്നും ഇളം തലമുറകൾക്കായി ചേർത്ത രണ്ടായിരത്തി

അഞ്ഞൂറിലധികം പഴഞ്ചൊല്ലുകളുടെ സമാഹാരമാണ് ഈ കൃതി .

* * *

കവിത

ധനുഷ് വിജയ്.കെ 8B



# അരുവി

വര : അഭിഷേക് കൃഷ്ണൻ , 10 B



അരുവിയുടെ ലോകമറിഞ്ഞുനാം
അരുവിയെ തൊട്ടറിഞ്ഞു നാം

തോടും പുഴയും കുളവും
കള കള നാദങ്ങൾ വിഴ്ത്തി

കടലമ്മ കരയെ തഴുകി.....
കായലിൽ കണ്ടൽ വളർന്നും

ശൈത്യകാലം വരികയായി
പുൽനാമ്പുകളിൽ മഞ്ഞു വീണു

* * *

**ചിത്രം**

**അശ്വിൻ 8A**





# Backspace of




## കുട്ടിപ്പട്ടങ്ങൾ



# വര



അഭിനന്ദ്. കെ 10B



അഭിഷേക് കൃഷ്ണൻ 10B

# എഡിറ്റോറിയൽ ബോർഡ്



ഫാത്തിമത്തുൽ ഹസ്ന



വിജയശ്രീ.എം



സേതുലക്ഷ്മി എസ് കെ

ആംവിൻ റോയി



ഐവാൻ മാത്യു



അഞ്ജിത.എം



# നന്ദി

“ <-----**Backspace** ” ഒരു തുടക്കമാണ്.അറിവുകളെ തിരിച്ചറിവുകളായി പുനർനിർമിക്കുന്ന പ്രവർത്തനങ്ങൾക്കുള്ള ഒരു വഴികാട്ടി.ഈ സന്ദർഭത്തിൽ അട്ടേങ്ങാനം ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ആദ്യ ഡിജിറ്റൽ മാഗസിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിയവർ ഒരുപാടുണ്ട്.ഞങ്ങളിൽ ഒരാളായി നിന്ന് ചുറുചുറുക്കോടെ ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഊർജം പകർന്ന ഞങ്ങളുടെ എല്ലാമെല്ലാമായ ഹെഡ്മാസ്റ്റർ ഭാസ്കരൻ മാഷ്,മികച്ച പിന്തുണ നൽകിയ പ്രിൻസിപ്പാൾ ഗോപാലകൃഷ്ണൻ മാഷ്,സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും മുന്നിൽ നിൽക്കുന്ന പി.ടി.എ പ്രസിഡന്റ്,ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന കൈറ്റ് മാസ്റ്റർ,കൈറ്റ് മിസ്ട്രസ്സ്, മറ്റ് അധ്യാപകർ,അനധ്യാപകർ,ലിറ്റിൽ കൈറ്റ്സിന്റെ ചുറുചുറുക്കുള്ള അംഗങ്ങൾ,മാഗസിനിലേക്കുവേണ്ട വിഭവങ്ങൾ നൽകിയ കൂട്ടുകാർ, സഹപാഠികൾ തുടങ്ങി എല്ലാ പ്രവർത്തനങ്ങളുടെയും മുന്നിലും പിന്നിലുമായി സഹകരിച്ച എല്ലാവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

കൂട്ടുകാരെ,“ <-----**Backspace** ” പോലെ ഒരു ചുവട് പിന്നിലേക്കും അനേകം ചുവടുകൾ ജാഗ്രതയോടെ മുന്നിലേക്കും എന്നതാവട്ടെ നമ്മുടെ ലക്ഷ്യം......

**നന്ദി.......**

**എഡിറ്റർ**

**ഫാത്തിമത്തുൽ ഹസ്ന**